**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1163** **31-01-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമവികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വികസന ക്ഷേമ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉൾനാടൻ മത്സ്യസമ്പത്ത് പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി ആകെ 171.3973 കോടി രൂപ അടങ്കൽ തുക വരുന്ന സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 71.2558 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ കനാലുകൾ, തോടുകൾ, കൈവഴികൾ തുടങ്ങിയ പൊതുജലാശയ പ്രദേശങ്ങളിൽ 50 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക തടയണ കെട്ടി മത്സ്യകൃഷി നടത്തുന്നതിനും 40 വലവളപ്പുകൾ സ്ഥാപിച്ച് മത്സ്യകൃഷി നടത്തുന്നതിനുമുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലൂൾപ്പെടുത്തി 11331 ലക്ഷം രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട്ട കൃഷി, കുളങ്ങളിലെ ഓരുജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് തുടങ്ങിയ മത്സ്യ കൃഷി പദ്ധതികൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 5109.5 ലക്ഷം രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും ടി ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടി 2022-23 മുതൽ 3 വർഷം ദൈർഘ്യമുള്ള 1199 ലക്ഷം രൂപ അടങ്കൽ തുകയുടെ പദ്ധതിയായ 'ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലന' ത്തിന്റെ ഭാഗമായി 280 ലക്ഷം മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി പ്രതിവർഷം 200 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം 216.675 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. പൊതു കുളങ്ങളിലെ മത്സ്യകൃഷി പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 3575 കുളങ്ങളിലായി 163.81 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി തുടർന്നു വരുന്നു. ടി പദ്ധതികൾ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ വർദ്ധനവ് സാധ്യമായിട്ടുണ്ട്. ഉൾനാടൻ മേഖലയിൽ നിന്നും 2021-22 വർഷത്തിൽ 2.25 ലക്ഷം മെട്രിക് ടണ്ണും, 2022-23 വർഷത്തിൽ 2.25 ലക്ഷം മെട്രിക് ടണ്ണും മത്സ്യം ഉൽപ്പാദനം കൈവരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ തനത് മത്സ്യയിനമായ കരിമീൻ കുഞ്ഞുങ്ങളുടെ ഉല്പാദനത്തിനായി കർഷകരുടെ കൂടി പങ്കാളിത്തം ഉറപ്പാക്കിയുള്ള ഹാച്ചറികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. കരിമീൻ കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മത്സ്യ കർഷകർക്ക് ധനസഹായം നൽകി വരുന്നു. നടപ്പ് സാമ്പത്തിക വർഷം കരിമീൻ കുഞ്ഞുൽപ്പാദന യൂണിറ്റുകൾക്കായി 1026 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം 300 കരിമീൻ കുഞ്ഞുൽപ്പാദന യൂണിറ്റുകൾക്ക് ധനസഹായം നൽകുകയും ആയത് പ്രവർത്തിച്ച് വരുകയും ചെയ്യുന്നു. 22 ലക്ഷം കരിമീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.
8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)
9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി സാന്ത്വനതീരം പദ്ധതി.
10. ഓഖി പുനരധിവാസ പദ്ധതികൾ.
11. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.
12. പുനർഗേഹം പദ്ധതി.

13. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

1.ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.
2.മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.
3. വിവാഹ ധനസഹായ പദ്ധതി.
4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
5. വാർദ്ധക്യ കാല പെൻഷൻ.
6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ആശ്വാസ ധനസഹായ പദ്ധതി.
7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി
8. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്
9. കുടുംബ സംവിധാന പദ്ധതി
10. മാരകരോഗ ചികിൽസാ പദ്ധതി
11. ചെയർമാൻസ് റിലീഫ് ഫണ്ട്
12. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി
13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
14. വിധവാ പെൻഷൻ
15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി
16. ബോർഡിന്റെ പ്രത്യേക ധനസഹായം

14. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ. സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)
2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ, കോർപ്പറേഷൻ (എൻ എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ

   a. ടേം വായ്പകൾ
   b. മൈക്രോഫിനാൻസ് വായ്പ
   c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി
3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)
4. വലകൾക്കുള്ള സബ്സിഡി പദ്ധതി
5. നാടൻ വള്ളങ്ങളുടെ നവീകരണം

6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
7. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)
8. ബ്ലൂ റവല്യൂഷൻ / പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)
9. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി
10. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി
11. മത്സ്യത്തൊഴിലാളി ക്ഷേമനിധി
12. മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി
13. മത്സ്യവിപണനം

14. പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ - ഫൈബർ ഗ്ലാസ് വള്ളങ്ങൾ, വല, എഞ്ചിൻ എന്നിവയുടെ വിതരണം.
15. പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ - ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളുടെ വിതരണം.
15. <u>മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ.</u>

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)
a) കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme)
b) പലിശ രഹിത ചാക്രികമൂലധന സഹായം (Interest free Working Capital Revolving Fund)
d) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ
e) കമ്മ്യൂണിറ്റി വെൽനസ് ഇന്റർവെൻഷൻസ് (Community Wellness Interventions)
f. സാങ്കേതിക വിദ്യാ നവീകരണ പദ്ധതി.
g) ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്

2. കേരളത്തിലെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ജെ.എൽ.ജി പദ്ധതി (JLG Project for Ensuring Livelihood Security of fisher women in Kerala

3. കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി
4. സ്നേഹതീരം പദ്ധതി
5. മോഡൽ പീലിംഗ് യൂണിറ്റ്.
6. ജൻഡർ ഇക്വാലിറ്റി & വിമെൻ എംപവർമെന്റ് പോളിസി -ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ്
7. ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ
8. തീരമൈത്രി സീ ഫുഡ് റെസ്റ്റോറന്റ്
9.കാറ്റഗറി ഫെഡറേഷനുകളെ ശക്തിപ്പെടുത്തൽ

16. <u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്ന പ്രവൃത്തികൾ</u>

1) 13.72 കോടി രൂപയുടെ കൃത്രിമപ്പാരുകൾ സ്ഥാപിക്കൽ പദ്ധതി
2) 17.45 കോടി രൂപയുടെ ഫിഷ് ലാന്റിംഗ് സൗകര്യങ്ങൾ
3) 148.52 കോടി രൂപയുടെ മത്സ്യമാർക്കറ്റ് ശൃംഖല
4) 31.81 കോടി രൂപയുടെ ഹാച്ചറി/അനുബന്ധ വികസനം
5) 40.02 കോടി രൂപയുടെ ഭവന പുനരുദ്ധാരണം/നിർമ്മാണം
6) 2.53 കോടി രൂപയുടെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം
7) 11.07 കോടി രൂപയുടെ ആരോഗ്യ അടിസ്ഥാന സൗകര്യ വികസനം

<u>17. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ</u>

KIIFB പദ്ധതിയിൽ ഉൾപ്പെട്ട 97.44 കോടി രൂപയുടെ ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ തലായ് ചാലിൽ ഗോപാലപേട്ട ഫിംഗർജെട്ടിയുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. (3.71 കോടി രൂപ)

റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ റിവർ ട്രെയിനിംഗ് പ്രവൃത്തിയ്ക്ക് 28.6 കോടി രൂപയുടെ അനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 11.01 കോടി രൂപ പദ്ധതി അടങ്കലുള്ള പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന്റെ ബെർത്തിംഗ് ജെട്ടിയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

നബാർഡ് ആർ.ഐ.ഡി.എഫ്. 27-ൽ ഉൾപ്പെടുത്തി 13.91 കോടി രൂപയുടെ മലപ്പുറം ജില്ലയിലെ താനൂർ ഫിഷറി ഹാർബറിന്റെ അധിക അടിസ്ഥാനവികസന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ്. 27-ൽ ഉൾപ്പെടുത്തി 11.53 കോടി രൂപയുടെ കോഴിക്കോട് ജില്ലയിലെ വെള്ളയിൽ ഫിഷറി ഹാർബറിന്റെ അധിക അടിസ്ഥാനവികസന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ്. 27-ൽ ഉൾപ്പെടുത്തി 13.43 കോടി രൂപയുടെ എറണാകുളം ജില്ലയിലെ ചെല്ലാനം ഫിഷറി ഹാർബറിന്റെ അധിക അടിസ്ഥാനവികസന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ്. 23-ൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷറി ഹാർബറിന്റെ അധിക അടിസ്ഥാന വികസന പ്രവൃത്തി 2.25 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു

നബാർഡ് ആർ.ഐ.ഡി.എഫ്. 27-ൽ ഉൾപ്പെടുത്തി 16.68 കോടി രൂപയുടെ ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അധിക അടിസ്ഥാനവികസന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

251.01 കോടി രൂപയുടെ 458 തീരദേശ റോഡുകളുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകി. 189 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിൽ 55 ലക്ഷം രൂപയുടെ ബെർത്തിംഗ് ജെട്ടിയുടെ പുനർനിർമ്മാണം പൂർത്തീകരിച്ചു.

മലപ്പുറം ജില്ലയിലെ താനൂർ ഫിഷറി ഹാർബറിന്റെ പുലിമുട്ടിന്റെ കേടുപാടുകൾ ടെട്രാപോഡുകൾ ഉപയോഗിച്ച് തീർക്കുന്നതിനുള്ള പ്രവൃത്തിയ്ക്ക് 585 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി ലോ ലെവൽ ജെട്ടിയുടെ നിർമ്മാണം (116 ലക്ഷം) പൂർത്തീകരിച്ചു.

മഞ്ചേശ്വരം ഫിഷറീസ് ഹാർബറിന്റെ തെക്ക് ഭാഗത്തെ ബീച്ച് സ്റ്റബിലൈസേഷൻ പ്രവൃത്തി 13.46 കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായത്തോടെ പൂർത്തീകരിച്ചു.

കൊല്ലം ബീച്ച് മുതൽ കൊല്ലം ജില്ലയിലെ താന്നി വരെയുള്ള തീരസംരക്ഷണ പ്രവൃത്തി 35.08 കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായത്തോടെ പൂർത്തീകരിച്ചു.

കോഴിക്കോട് ജില്ലയിലെ സമുദ്ര ഡിസാസ്റ്റർ ഷെൽട്ടർ കം കമ്മ്യൂണിറ്റി ഹാൾ നവീകരണം- 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്.

നബാർഡ് ആർ.ഐ.ഡി.എഫ്. 28-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ആലപ്പാട്- അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണത്തിനായി 25.5755 കോടി രൂപയുടെ ഭരണാനുമതി 18/01/2023-ൽ നൽകി. ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ

പുരോഗമിക്കുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ്. 28-ൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണത്തിനായി 25.3685 കോടി രൂപയുടെ ഭരണാനുമതി 18/01/2023-ൽ നൽകി. ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

കണ്ണൂർ ജില്ലയിലെ മാപ്പിളബേ ഫിഷിംഗ് ഹാർബറിലെ മെയിന്റനൻസ് ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്കായി 178.9 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിയ്ക്കുന്നു.

തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിലെ പഴയ വാർഫിന്റെ അറ്റകുറ്റപ്പണികൾക്കായി 58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി പുരോഗമിയ്ക്കുന്നു.

കോഴിക്കോട് ജില്ലയിലെ ആവിത്തോടിന്റെ ആഴം കൂട്ടൽ, സംരക്ഷണ പ്രവൃത്തി, ബീച്ച് റോഡിന്റെ പുനരുദ്ധാരണം എന്നിവയ്ക്കായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

എഫ്.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ ബാലൻസ് പ്രവൃത്തികൾക്കായി 150.73 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം പ്രവൃത്തി പുരോഗമിയ്ക്കുന്നു.

പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിനായി 70.53 കോടി രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗകമിയ്ക്കുന്നു.

പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ നവീകരണത്തിനായി 18.73 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിയ്ക്കുന്നു.

പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള പുതിയാപ്പ ഫിഷിംഗ്ഹാർബറിന്റെ നവീകരണത്തിനായി 16.06 കോടി രൂപയുടെ ഭരണാനുമതി നൽകിയ തുപ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നവീകരണത്തിനായി 20.9 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ഫിഷിംഗ് ഹാർബറായ കൊല്ലം ജില്ലയിലെ അഴീക്കലിൽ (കായംകുളം) ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്കായി 5.53 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ സ്വീകരിച്ച് വരുന്നു.

പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ഫിഷിംഗ് ഹാർബറായ തൃശ്ശൂർ ജില്ലയിലെ ചേറ്റുവയിൽ ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്കായി 5.53 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം മുൻയോഗ്യതാ നിർണ്ണയ ദർഘാസ് പരിശോധിച്ച് വരുന്നു.

പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ഫിഷിംഗ് ഹാർബറായ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്കായി 6.37 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ഫിഷിംഗ് ഹാർബറായ കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്കായി 5.94 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം സാങ്കേതികാനുമതി നടപടികൾ സ്വീകരിച്ച് വരുന്നു.

പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ഫിഷിംഗ് ഹാർബറായ കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്കായി 5.64 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ഫിഷിംഗ് ഹാർബറായ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്കായി 5.88 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി ആരംഭിച്ചിടട്ടുണ്ട്.

നബാർഡ്- 29-ൽ ഉൾപ്പെടുത്തി പൊന്നാനി ഫിഷിംഗ് ഹാർബറിൽ റിപ്ലനിഷ്മെന്റ് ബ്രേക്ക് വാട്ടർ പ്രവൃത്തിയ്ക്കായി 1694.14 ലക്ഷം രൂപയുടെ ഭരണാനുമതി 29/12/2023-ൽ നൽകിയതുപ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നബാർ ഡ്- 29 ൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാൽപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി 1115 ലക്ഷം രൂപയുടെ രൂപയുടെ ഭരണാനുമതി 29/12/2023-ൽ നൽകിയതുപ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുതലപ്പൊഴി ഫിഷിംഗ് ഹാർബറിൽ അടിഞ്ഞ് കൂടിയിരിക്കുന്ന മണൽത്തിട്ട നീക്കം ചെയ്യുന്ന പ്രവൃത്തിയ്ക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ താനൂരിൽ ലാൻഡ് ഡെവലപ്പ്മെന്റ് പ്രവൃത്തിയുടെ മൂന്നാംഘട്ടത്തിനായി 133 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം സാങ്കേതികാനുമതി നൽകാനുളള നടപടി സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

ഭൂരഹിത മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനിയിൽ കെട്ടിട സമുച്ചയ നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവൃത്തിയിൽ ഉൾപ്പെടുത്തി 128 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.
ബീമാപള്ളിയിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം 20 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂരഹിത മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനിയിൽ കെട്ടിട സമുച്ചയ നിർമ്മാണത്തിന്റെ രണ്ടാംഘട്ട പ്രവൃത്തിയിൽ ഉൾപ്പെടുത്തി 100 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായി 14.33
കോടി രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെടെ 8100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയതുപ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

മലപ്പുറം ജില്ലയിലെ ഉണ്ണ്യാലിൽ 16 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 2.10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽപ്പെട്ട സ്ഥലത്ത് 144
ഫ്ലാറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി 23.2 കോടി രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം കരാറിലേർപ്പെട്ട് പ്രവൃത്തി പുരോഗമിക്കുന്നു.

Sd/-

**സെക്ഷൻ ഓഫീസർ**